LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് വൺ പ്രവേശനത്തിനുള്ള സംവരണ മാനദണ്ഡങ്ങൾ

60 (7026) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംവരണ ആനുകൂല്യങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവേശനം നടത്തുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ;

(സി) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 30 ജാതികളെ ഒ.ഇ.സി.യിൽപ്പെടുത്തി എസ്.സി. വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളോടെ പ്രവേശനം നടത്തുന്നതിനുള്ള ഉത്തരവ് അടിസ്ഥാനമാക്കിയിട്ടാണ് പ്രവേശനം നൽകുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. എന്നാൽ ഹയർ സെക്കന്ററി പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 23-5-2014-ലെ സ.ഉ.(എം.എസ്) നമ്പർ10/2014./പി.സവിവ പ്രകാരമുള്ള സംവരണം ചില സാങ്കേതിക കാരണങ്ങളാൽ ഈ അധ്യയനവർഷം നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം അടുത്ത വർഷത്തെ പ്ലസ് വൺ പ്രവേശനത്തിൽ പരിഗണിക്കുന്നതാണ്.

സി.ബി. എസ്. ഇ. സ്കൂൾതല പരീക്ഷകളിൽ അധികൃതരുടെയും മാനേജുമെന്റുകളുടെയും സ്വാധീനം

61 (7027) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സി.ബി.എസ്.ഇ. സ്കൂൾതല പരീക്ഷകളിൽ സ്കൂൾ അധികൃതരും മാനേജ്മെന്റുകളും പരീക്ഷയുടെ മൂല്യനിർണ്ണയത്തെ സ്വാധീനിക്കുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.